ഭരണഭാഷ — മാതൃഭാഷ

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
മൂന്നാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

നമ്പർ. ജി2/ഇ-114573/2019/റ്റിസി

തീയ്യതി, 30.11.2019

**സർക്കുലർ നംബർ 12/2019**

സർ,

വിഷയം :- *മോട്ടോർ വാഹന വകുപ്പ്*— വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 28.06.2019ൽ അടൂർ സബ് ആർ.റ്റി.ആഫീസിൽ നടത്തിയ മിന്നൽ പരിശോധന- പൊതു നിർദേശം പുറപ്പെടുവിച്ച് ഉത്തരവാകുന്നു —സംബന്ധിച്ച്

സൂചന :- സർക്കാർ കത്ത് നംബർ സി1/280/2019/ട്രാൻസ്,തീയതി 22.10.2019

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാനത്തെ വിവിധ ആർ.ടി.ഒ/സബ് ആർ.റ്റി.ആഫീസിൽ നടത്തിയ മിന്നൽ പരിശോധന നടത്തി സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിൽ മിക്ക ആഫീസുകളിലും Cash Declaration Register വേണ്ടവിധത്തിൽ പരിപാലിക്കുന്നില്ല എന്നും കൂടാതെ സാധാരണ പ്രവൃത്തിസമയത്തിനുപരിയായി ജീവനക്കാർ ആഫീസിൽ പ്രവൃത്തിക്കുന്നതായും അറിവായിട്ടുണ്ട്.ഇത് ക്രമക്കേടുകൾക്ക് ഇടയാകാതിരിക്കുവാനായി താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. സംസ്ഥാനത്തിലെ എല്ലാ ഡി.റ്റി.സി, ആർ.ടി.ഒ,സബ്.ആർ.ടി.ഒ,മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക് പോസ്റ്റ് എന്നിവിടങ്ങളിലെ താൽക്കാലിക ജീവനക്കാരുൾപ്പെടെയുള്ള എല്ലാ ജീവനക്കാരും (കരാർ,ദിവസവേതന ജീവനക്കാർ ഉൾപ്പെടെ) Cash Declaration Register-ൽ കൈവശമുള്ള സ്വകാര്യപണം പ്രസ്താവിക്കേണ്ടതാണ്.
2. സാധാരണ പ്രവൃത്തി സമയത്തിനുപരിയായോ അവധി ദിവസങ്ങളിലോ ഉദ്യോഗസ്ഥർ പ്രവർത്തിക്കുകയാണെങ്കിൽ ആയത് നിയന്ത്രിക്കുന്നതിനും പ്രവർത്തിച്ച ഉദ്യോഗസ്ഥരുടെ പേര്,തസ്തിക,പ്രവൃത്തിയെടുത്ത സമയം ,കൈകാര്യം ചെയ്യ ഫയലുകളുടെ വിശദാംശങ്ങൾ എന്നിവ വ്യക്തമാക്കുന്ന Off Time Duty Register-ൽരേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ആയത് മേലധികാരി പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

മേൽ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

വിശ്വസ്തതയോടെ,

ട്രാൻസ്പോർട്ട് കമ്മീഷണർ